പി. എ. പി. കരാറിൽ പരാമർശിക്കുന്ന നദികൾ

86 [3474] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എ. പി. കരാറിൽ ഏതെല്ലാം ജലസ്രോതസ്സുകളും നദികളുമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇവയിൽ ഏതെല്ലാം കേരളത്തിൽ ആരംഭിച്ച് കേരളത്തിലൂടെ ഒഴുകുന്നു; അവയിലെ വെള്ളം എത്രവീതമാണ്;

(സി) ഇവയിൽ ഏതെല്ലാം കേരളത്തിൽ ആരംഭിച്ച് തമിഴ്നാട്ടിലേക്ക് ഒഴുകുന്നു; അവയിലെ വെള്ളം എത്ര വീതം;

(ഡി) ഇവയിൽ ഏതെല്ലാം തമിഴ്നാട്ടിൽ ആരംഭിച്ച് കേരളത്തിലേക്ക് ഒഴുകുന്നു; അവയിലെ വെള്ളം എത്രവീതമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പെരിയാറിന്റെ പോഷക നദികളായ ആനമലയാർ, നീരാർ, ചാലക്കുടിപ്പുഴയുടെ കൈവഴികളായ ഷോളയാർ, പറമ്പിക്കുളം ആറ്, പെരിവാരിപ്പള്ളം ആറ്, തുണക്കടവ് ആറ്, ഭാരതപ്പുഴയുടെ കൈവഴികളായ ആളിയാർ, പാലാർ എന്നിവയാണ് പി. എ. പി. കരാറിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നദികൾ. മറ്റ് ജലസ്രോതസ്സുകൾ ഒന്നുമില്ല.

(ബി, സി & ഡി) മേൽപ്പറഞ്ഞ നദികളെല്ലാം തമിഴ്നാട്ടിൽ നിന്നും ഉത്ഭവിച്ച് കേരളത്തിലേക്കൊഴുകുന്ന നദികളാണ്. 1974-ലെ വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പഠനത്തിൽ പരാമർശിക്കും പ്രകാരം ഓരോ നദിയുടെയും ആകെ ജലലഭ്യത താഴെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

പെരിയാർ ബേസിൻ	..	11,607 Mm 3
ചാലക്കുടിപ്പുഴ	..	3121 Mm 3
ഭാരതപ്പുഴ ബേസിൻ	..	7478 Mm 3

പോഷക നദികളിലെ ജലലഭ്യത വേർതിരിച്ച് കണക്കാക്കപ്പെട്ടിട്ടില്ല.

2/54/2013—19.

LIBRARY ARCHIVES Kerala Legislative Assembly